(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്ര മാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അന്നദിനം നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ എങ്കിലും സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിച്ച് മറികടക്കാമെന്ന ഉദ്ദേശ്യത്തോടെയാണ് ടി സംരംഭത്തിന് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) മെച്ചപ്പെട്ട സർവ്വീസ് ഇതര വരുമാനമാണ് പ്രതീക്ഷിക്കുന്നത്. വിവിധ ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള കൊറിയർ ബോക്സുകൾ പ്രയോജനപ്പെടുത്തി ഓപ്പൺ ടെണ്ടർ വ്യവസ്ഥയിലൂടെ മെച്ചപ്പെട്ട ലൈസൻസികളെ കണ്ടെത്തി വരുമാനം പങ്കുവയ്ക്കൽ വ്യവസ്ഥയിൽ പാഴ്സൽ കൊറിയർ സർവ്വീസുകൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് നടപടികൾ

359 (2234) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അമിതവേഗതയും മറ്റ് ട്രാഫിക് നിയമ ലംഘനങ്ങളും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തിവരുന്ന വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും ഗതാഗത നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ വഴിയും എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കിയിട്ടുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, അയോഗ്യത കൽപ്പിയ്ക്കൽ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നിരന്തരം നടപ്പിലാക്കിവരുന്നു.

(ബി) ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മോട്ടോർ വാഹന വകുപ്പിലെ 34 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ സമയോചിതമായ പ്രവർത്തനങ്ങൾമൂലവും റോഡ് സുരക്ഷയെക്കുറിച്ചും റോഡപകടങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികളിലൂടെയും റോഡപകടങ്ങളും മരണ സംഖ്യയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) റോഡപകടങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിലൂടെ റോഡപകടങ്ങളും, മരണസംഖ്യയും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മരണ നിരക്ക് ഏറ്റവും കുറവായ വർഷമാണ് 2013. ക്യാമറകളും, കൺട്രോൾ റൂമുള്ള ഓട്ടോമൈസ്ഡ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങളിലൂടെ നഗരങ്ങളിലെ ട്രാഫിക് കറ്റകൃത്യങ്ങളും, അപകടങ്ങളും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൈവേകൾ പൂർണ്ണമായും സർവൈലൻസ് ക്യാമറയുടെ നിരീക്ഷണത്തിലാണ്. സ്പീഡ് ഗവേർണർ, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമാക്കുകയും കർശനമായ ചെക്കിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. അപകടകരമായ നിലയിലുള്ള ഹോർഡിങ്ങുകളും പരസ്യങ്ങളും റോഡുവക്കിൽ നിന്നും നീക്കം ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളിലൂടെയും റോഡപകടങ്ങളുടെയും മരണത്തിന്റെയും നിരക്കുകൾ ഒരു പരിധി വരെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്.